# young

## scribbles

little KITEs

GHSS MANKADAPALLIPPURAM

**GHSS MANKADAPALLIPPURAM 2023-2024**
**LITTLE KITES BATCH**
**School Code : 18066, Malappuram**

**Editor:** Yaseen Nisar KP 9C

**Sub editor:** Fathima Sana P 9D

**Editorial:**

Fathima Farveen P 9D
Ayisha Finsha NK 9D
Muhammed Mishab M 9c
Sreeshnu P 9A

# പറയാനുള്ളത്.....

ജി.എച്ച്.എസ്.എസ് മങ്കട പള്ളിപ്പുറം സ്കൂളിലെ വിദ്യാർഥികളുടെ സർഗാത്മഗതയുടെ ബഹിർസ്ഫുരമണങ്ങളായ കഥകളും കവിതകളും ആനുകാലിക സംഭവവികാസങ്ങളെക്കുറിച്ചുള്ള വിശകലനങ്ങളും ഉൾകൊള്ളുന്നതാണ് " young scribbles ”എന്ന മാഗസിൻ. വിവിധ സാമൂഹിക പ്രശ്നങ്ങളെക്കുറിച്ചുള്ള കുട്ടികളുടെ ചിന്തകളാണ് വ്യത്യസ്തങ്ങളായ നൈസർഗിക സൃഷ്ടിയിലൂടെ ഇവിടെ അനാവരണം ചെയ്യപ്പെടുന്നത്. സാഹിത്യവും ,സമൂഹവും ,ഭാഷയും ,കലയും തമ്മിലുള്ള പാരസ്പര്യം അടുത്തറിയാൻ ഈ മാഗസിൻ സഹായകമാവുമെന്ന് പ്രതീക്ഷിക്കുന്നു.

ഇങ്ങനെയൊരു പതിപ്പൊരുക്കാൻ ജി.എച്ച്.എസ്.എസ് മങ്കട പള്ളിപ്പുറം സ്കൂളിലെ "ലിറ്റിൽ കൈറ്റസ് "വിദ്യാർഥികളും അവരെ സദാ സമയവും സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത ലിറ്റിൽ കൈറ്റസ് അധ്യാപകരായ അനീഷ് സാറിനും ഷാഹിന ടീച്ചർക്കും മറ്റു അധ്യാപകർക്കും പ്രത്യേകം നന്ദി. ഈ സ്കൂളിലെ അധ്യാപകർക്കും വിദ്യാർഥികൾക്കും വേണ്ടി ഈ മാഗസിൻ ഞങ്ങൾ ഇവിടെ സമർപ്പിക്കുന്നു.

ജി.എച്ച്.എസ്.എസ് മങ്കട പള്ളിപ്പുറം ലിറ്റിൽ കൈറ്റസ് തയ്യാറാക്കിയ " Young Scribbles ”ന്.

കുട്ടികളുടെ സർഗാത്മകമായ കഴിവുകളെ വികസിപ്പിക്കാൻ അവസരമൊരുക്കുന്ന young scribbles ന് ഒരായിരം അഭിനന്ദനങ്ങൾ.

എന്ന് ഞങ്ങളുടെ സ്വന്തം HMന്റെ വാക്കുകൾ

# ഉള്ളടക്കം


1. യുദ്ധഭൂമിയിലെ പക്ഷികൾ
2. ഹെയ്ത്തി
3. മഴനൂൽക്കിനാവുകൾ
4.തോമസ് ആൽവാ എഡിസൺ
5.അന്യ
6.ഞാനെന്ന അവൾ
7.നമ്മുടെ ലോകം നാം സൃഷ്ടിക്കുന്നു
8.പ്രണയം
9.ഗലീലിയോ ഗലീലി
10.പഴഞ്ചൊല്ലുകൾ
11.മഹത് വചനങ്ങൾ
12.കടങ്കഥ
13.നീ
14.പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി
15.രണ്ട് ജീവബിന്ദുക്കൾ
16.സർ ഐസക്ക് ന്യൂട്ടൺ
17.IT Quiz
18.The Race
19.Nature
20.കാത്തിരിപ്പ്
21.കുട്ടികളുടെ രചനകൾ
22.Sports
23.Arts

# യുദ്ധഭൂമിയിലെ പക്ഷികൾ

നോവിന്റെ ചാരം
നിറയുന്ന
മണ്ണിലിര തേടിയെത്തുന്ന
ദേശാടനത്തിനെത്തിയ
പക്ഷിയാകുന്നു ഞാൻ
പച്ചമാംസം കഴിച്ചിട്ടു
രക്തം കുടിച്ച് വിഷശപ്പാറ്റുന്ന
യുദ്ധ ഭൂമിയിലെത്തവേ
കാഴ്ചകൾ പറയുന്നു
കണ്ണിൽ വെടിയുണ്ട
തിരതുള്ളിയാർന്ന
രക്തകടലലകൾ
പുഞ്ചിരിമായാത്ത
കുഞ്ഞിന്റെ ശിരസ്സുകൾ
വെടിനിർത്തി വിരിയിച്ച
ക്രൂരവസന്തങ്ങൾ
ഭയത്തിന്റെ കനാലുകൾ
പീരങ്കിതുപ്പുമ്പോൾ
ഉയരും നിലവിളിയുടെ
നീറുന്ന കുട്ടക്കരച്ചിൽ
വിടയുന്ന ഉള്ളിന്റെ
കലി പൂണ്ടകാലത്തിൽ
അതിരില്ലാമൃതിയുടെ

നിറമുള്ള കാഴ്ചകൾ
തെരുവിലാഴ്ന്ന
ജഡങ്ങൾ നിറഞ്ഞിട്ട്
പുഴുതിന്നും ജീവന്റെ
അഭിലാഷനോവുകൾ
കരിമുകളിൽ പുകപോലെ
കരളിൽ കനക്കുന്ന
മനുഷ്യദേഹം ചുട്ട
മണമുള്ള കാറ്റുകൾ
ഇരതേടി കഴുകന്റെ
കണ്ണുകൾ തിരയാത്ത
ശവം നീതി നിഴലിനെ
തേടുന്നയൊച്ചകൾ
ചുട്ടുപൊള്ളിചത്ത
പുരുഷഗണത്തിന്റെ
പിറകെ മരിക്കുന്ന ഇണയുടെ
നോവുകൾ
ഭ്രമമുള്ളയിപകളെ
വേട്ടകൊരുക്കി
പുതിയ കാലത്തിന്റെ മൃതിയുടെ
നിയമങ്ങൾ
തിരുതുള്ളുമെന്നുള്ളിന്റെ
നോരെ പറന്നെത്തുന്ന
വെടിയുണ്ട വേഗത്തിനു
മുമ്പേ അകന്നുഞാൻ

അഴലാണ്ട രാജ്യത്തിൽ
അലിവുള്ളയൊലീവിലയുടെ
ഒരു ചില്ലയിനിയെൻ ചുണ്ടിൽ
തിരയിട്ട മിഴികളിൽ.......



---

# ഹെയ്ദി

ഹെയ്ദി.

അവൾക്ക് ആരുമില്ലായിരുന്നു എന്നാൽ അവൾക്ക് ഒരു അപ്പൂപ്പനുണ്ടായിരുന്നു. അവൾ ജനിക്കുന്നതിന് മുമ്പ് അവളുടെ അമ്മയെയും അച്ഛനെയും കുടുംബത്തെയും വഞ്ചിച്ചു പോയ ഒരാൾ അവൾക്ക് എട്ട് വയസ്സുള്ളപ്പോഴാണ് അവളുടെ അമ്മ മരിച്ചത്. അത് വരെ അവൾക്കറിയില്ലായിരുന്നു തനിക്ക് അപ്പൂപ്പനുണ്ടായിരുന്നു എന്ന്. കുറേ വർഷങ്ങൾക്ക് മുമ്പ് ഒരു ടൂർ പോകുമ്പോൾ അദ്ധ്യാപകരുടെ സംസാരത്തിൽ നിന്ന് തന്റെ അമ്മയും അച്ഛനും ഒരു ആക്സിഡന്റിൽ മരിച്ചതാണെന്ന് അവൾക്ക് മനസ്സിലായത്. അവൾ ആകെ തളർന്നു പോയി. അവൾ പിന്നെ സ്കൂളിലേക്ക് പോയില്ല. അമ്മയുടെ ബെസ്റ്റ്ഫ്രണ്ടായ ഡോ : മെറീന തോമസിന്റെ കൂടെയാണ് അവൾ താമസിച്ചിരുന്നത്. അവർക്ക് മക്കളുണ്ടായിരുന്നില്ല. ആ സ്ത്രീ ഹെയ്ദിയെ നന്നായി നോക്കിയിരുന്നു. ഒരു ദിവസം മെറീന പ്രവർത്തിച്ചിരുന്ന ആശുപത്രിയിൽ തീപിടിത്തം നടന്നു. അതിൽ പിന്നെ മെറീനയുടെ സമനില തെറ്റി. തന്റെ വീടിനടുത്തുള്ള കുടിലിലേക്ക് നോക്കി എല്ലാം സഹിച്ചു. പിന്നെ അവരുടെ പണമെല്ലാം കളവുപോയി. അത് എടുത്തത് ഹെയ്ദിയുടെ അപ്പുപ്പനാണെന്ന് മെറീനക്ക് ബോധ്യമായി. അതോടെ ഹെയ്ദിയെ അവർ ക്രൂരമായി മർദ്ദിച്ചു. ദിവസവും പട്ടിണിക്കിട്ടു. ഹെയ്ദി

ആകെ തളർന്നു പോയി. പാവം ഹെയ്ദി എല്ലാം ക്ഷമച്ചും സഹിച്ചും കഴിഞ്ഞു. സന്തോഷരാവുകൾ ഇരുളിലേക്ക് വഴിമാറി. ഹെയ്ദി ആ സ്ത്രീയോട് ഭക്ഷണത്തിനായി യാചിക്കുമ്പോൾ അവർ പറയും എരണം കെട്ട അപ്പൂപ്പനോട് ചെന്ന് ചോദിക്കടി. ആ വീട്ടലെ എല്ലാ ജോലികളും ഹെയ്ദിക്കായിരുന്നു. അതിൽ ഒരു പിഴവ് പറ്റിയാൽ അവർ ഹെയ്ദിയെ അടിക്കും. ഒരു ദിവസം രാത്രി ഇടിയും കാറ്റും മഴയും ശക്തമായി. കടൽ ഇളകി മറിഞ്ഞു. തിരമാലകൾ ഉയർന്നു പൊങ്ങി. ആ വീട് വെള്ളപ്പൊക്കത്തിൽ തകർന്ന് പോയി. ഹെയ്ദിയും മെറീനയും ഒഴുക്കിൽ പെട്ട് ഒലിച്ചുപോയി. ഹെയ്ദി ഒരു മരക്കഷ്ണത്തിൽ പിടിച്ചു. അവൾ ബോധരഹിതയായി. സൂര്യ കിരണങ്ങൾ കണ്ണിലേക്ക് പതിച്ചപ്പോൾ കണ്ണ് ഒന്ന് ഇറുകിയടച്ചു കൊണ്ട് അവൾ കണ്ണ് തുറന്നു. തലയിൽ കൈവെച്ച് എഴുന്നേറ്റ് ഇരുന്ന് അവൾ ചുറ്റിലും നോക്കി. നാല് ഭാഗവും കടൽ കണ്ടപ്പോൾ അവൾക്ക് മനസ്സിലായി താനൊരു ദ്വീപിലാണ് ഉള്ളതെന്ന് ആകെ ഒരു കുടിൽ മാത്രമാണ് അവൾക്ക് കാണാൻ കഴിഞ്ഞത്. അവൾ പതുക്കെ എഴുന്നേറ്റ് ആ കുടിൽ ലക്ഷ്യമാക്കി നടന്നു. ഹെയ്ദി വാതിൽ ചെന്ന് തട്ടിയപ്പോൾ ഒരു അപ്പൂപ്പൻ വന്ന് വാതിൽ തുറന്നു. ആരാ മോളെ നീ ? നീ എങ്ങനെ ഇവിടെ എത്തി ? അപ്പൂപ്പൻ അവളോട് ചോദിച്ചു. അവൾ തന്റെ കഥ മുഴുവൻ അപ്പൂപ്പനോട് പറഞ്ഞു. മോളെ... എന്ന് പറഞ്ഞ് കണ്ണീരോടെ ഹെയ്ദിയെ കെട്ടിപ്പിടിച്ചു. മോളേ... ക്ഷമിക്കു ഞാനാണ് നിന്റെ ആ ദുഷ്ടനായ അപ്പൂപ്പൻ. ഞാൻ ചെയ്ത പാപങ്ങൾക്ക് ഒക്കെ ഞാൻ അനുഭവിക്കുകയാണ് ഇപ്പോ... ഹെയ്ദി ഒന്നും മിണ്ടാതെ അപ്പൂപ്പനെയും കെട്ടി പിടിച്ച് നിന്നു.

---


# മഴനൂൽക്കിനാവുകൾ

മധുരമീ പുതുമഴ പുലരിയേ
പുൽകുന്ന
പൂമഴ തേൻമഴ കുളിർ മഴയായ്
കുനകുനെയുതിരുന്ന തൂമഴ
തുള്ളികൾ
തളിരിലും പൂവിലും മുത്തമിട്ടു
പൊള്ളുന്ന രാവിന്റെ നെറുകയിൽ
ചിതറുന്ന
കുളിർമണി മുത്തുകൾക്കെന്തു ഭംഗി
തൈമണിക്കാറ്റിന്റെയൊപ്പമീപ്പൂക്കുന്ന
താഴ്വരത്തോപ്പിലും കുളിർ
ചൊരിഞ്ഞു
പുഴ തന്റെ മരവിച്ച കൈകളാൽ
പുണരവെ

പുകമായുഴ വന്നു മനമറിഞ്ഞു
മഴയെന്റെ താളമായ് ഹൃത്തിലും
മുഗദ്ധമായി
പൊഴിയുന്ന കവിതയായ് പെയ്തിറങ്ങി



# തോമസ് ആൽവാ എഡിസൺ



മനുഷ്യ ജീവിതത്തെ മറ്റിമറിച്ച ഒട്ടേറെ കണ്ടെത്തലികൾ നടത്തിയ ഒരു അമേരിക്കക്കാരനാണ് തോമസ് ആൽവാ എഡിസൺ ഫോണോ ഗ്രാഫ് ചലച്ചിത്ര ക്യാമറ,വൈദ്യുത ബൾബ് തുടങ്ങിയ ലോകമെമ്പാടുമുള്ള ജീവിതങ്ങളെ സ്വാധീനിക്കുന്ന തരത്തിലിള്ള ശ്രേഷ്ഠമായ കണ്ടെത്തലുകൾ അദ്ദേഹം നടത്തി. മെൻലോപാർക്കിലെ മാന്ത്രികൻ എന്നറിയപ്പെട്ടിരുന്ന എഡിസൺ ഒരു വമ്പൻ വ്യവസായ സാമ്രാജ്യത്തിന്റെ അധിപനും കൂടിയായിരുന്നു. ആദ്യ വ്യവസായിക റിസേർച്ച് ലബോറട്ടറി സ്ഥാപിച്ചയളെന്ന ബഹുമതിയും എഡിസനുള്ളതാണ്.

# അന്യ

സ്ത്രീയുടെ ഉദരത്തിൽ ജനിച്ചവൾ
സ്ത്രീയുടെ മാറിൽ മയങ്ങിയവൾ
പാൽ മണം മാറാതെ പിച്ചവെച്ചവൾ ,
ഇടറുന്ന പാദകൾ ഇടറാതെ വെച്ചവൾ -
ആർത്തവം പേറുന്നവളായി മാറി
അവൾ സ്ത്രീയായി മാറി
വിലക്കുകൾ എവിടെയും വിലക്കുകൾ
കട്ടിലിൽ മയങ്ങിവൾ കാവിയിൽ
തേട്ടനൊപ്പം കളിച്ചവർ ഇന്ന് അന്യയാണ്
തന്റെ വീട്ടിൽ താനാരുമല്ലന്നറിയുന്നവൾ -
തനിക്ക് മറ്റൊരാളണ്ടെന്നറിയുന്നു
നൂറു സ്വപ്നങ്ങളായി പുതു ജീവിതത്തിലെത്തിയവൾ
തൻ മനം കാണാതവൻമെയ്യായി കാണുന്നു
അവൾ ആരടേതുമല്ലന്നറിയുന്നു
അവൾ അന്യ മാത്രമാകുന്നു
അവൾ കൂട്ടലടച്ച പറവയാണ്

ഉയരാൻ സ്വപ്നം കാണുന്നവൾ -
ദുർലയാ.തിനാൽ അഹോളിക്കപ്പെട്ടു
പൊട്ടിച്ചെറിയണം ഈ ചങ്ങലകളെ
അവൾ സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമാണ്.

# ഞാനെന്ന അവൾ

എന്തെല്ലാം സഹിക്കണം ഞാനിനി
എന്തല്ലാം സഹിക്കണം ?
മനുഷ്യക്കുലത്തിനു വേണ്ടി ഞാനെന്റെ
ഉടലു ദാനം ചെയ്യണമോ ?
അമ്മയാക്കാൻ വേണ്ടി എന്നെയെൻ
വീട്ടുക്കാർ വിൽക്കുന്നുവോ ?
സ്ത്രീകൾ ചെയ്യുമ്പോൾ മാത്രമാണോ
അത് മതം കളയുന്നതാവുന്നത് ?
എന്തെല്ലാം സഹിക്കണം ഞാനിനി
എന്തല്ലാം സഹിക്കണം



ജനിക്കുമ്പോൾ തന്നെ അവളെ
അടിമയാക്കുന്നതെന്തിന് നിങ്ങൾ ?
ചിരിക്കുവാനോ കരയുവാനോ
സ്വാതന്ത്രമില്ല അവൾക്കിവിടേ ?
പഠനമൊരു കഠിമല്ലാത്ത അവളെ
വെറുമൊരു താലിച്ചരടിൽ കുരുക്കുന്നുവോ ?

പുരുഷമനസ്സിനു വഴങ്ങുവാനവളാര്
പാറിക്കളിക്കുന്ന കരിയിലയോ ?
ഓരോരോ മാസത്തിൽ ഏഴുദിവസങ്ങൾ
അവൾക്ക് കരിദിനമാവുകയോ ?
അസമയമെന്നത് സ്ത്രീകൾക്കു മാത്രമേ
മറ്റുള്ളവർക്കിതൊന്നും ബാധകമല്ലേ ?

ഇന്നവൾ ഒരുപാട് ശക്തിയാ-
ജിച്ചിരിക്കുന്നു പ്രതിസന്ധി തരണം ചെയ്യുവാൻ
അവളെ അവളിലെ ഭയം തന്നെ
ഭയക്കുന്ന കാലമാണിത് മനുഷ്യാ...
അവൾക്കു നേരെ ചൂണ്ടുന്ന വിരലുകളോടിന്നവൾക്ക്
മറുപടിനൽകുവാനാകും
കാരണമവളൊരു സ്ത്രീയാണ്
ഏതു പരമ്പരയിലേയും ജീവിതം
തരണം ചെയ്യുന്നവൾ ആരോ
അവളാണ് സ്ത്രീ

---

# നമ്മുടെ ലോകം നാം സൃഷ്ടിക്കുന്നു

നാം പാർക്കുന്ന ലോകവും നാം ജീവിക്കുന്ന ലോകവും തമ്മിൽ വലിയ അന്തരമുണ്ട്.ഒരേ നഗരത്തിൽ ഒരേ തെരുവിൽ പാർക്കുന്ന രണ്ട് വ്യക്തികൾ രണ്ട് വ്യക്തികൾ രണ്ട് വ്യത്യസ്ത ലോകങ്ങളിൽ ജീവിക്കുന്നതായി കാണാം. നമ്മുടെ ചിന്തകളും ലക്ഷ്യങ്ങളും വികാരങ്ങളും നാം ജീവിക്കുന്ന ലോകം സൃഷ്ടിക്കുന്നതിൽ വലിയ പങ്ക് വഹിക്കുന്നു.

മനസ്സിന് വികാസവും വിശാലതയും കൂടുന്നതിനനുസരിച്ച് താൻ ജീവിക്കുന്ന ലോകത്തെ വികസിപ്പിക്കാനും പ്രബുദ്ധമാക്കാനും ഒരാൾക്ക് കഴിയുന്നു. നാം ജനിച്ചു വളർന്ന പരിസ്ഥിതിയല്ല പ്രാധാന്യമർഹിക്കുന്നത്. ജീവിതത്തിൽ നാം നമ്മുടെ പ്രവർത്തനരംഗമായി നാം തന്നെ സജ്ജീകരിക്കുന്ന പരിസ്ഥിതിയാണ് ഒരാളുടെ ജീവിതത്തെ വ്രണപ്പെടുത്തിയ സംഭവങ്ങൾ മറ്റൊരാളുടെ ജീനിതത്തിന് ഒരു പുതിയ ഉദ്ദേശ്യമുണ്ടാക്കിയെന്ന് വരാം.

ഇരുളടഞ്ഞ ലോകത്തിൽ ഒരാൾക്ക് തന്നെ മനക്കണ്ണിന്റെ സഹായത്തോട് കൂടി മുന്നോട്ട് പോവാൻ സാധിക്കുന്നു.മനസ്സിൽ വെളിച്ചമില്ലാത്ത ഒരാളാകട്ടെ പകൽ വെളിച്ചത്തിൽ പോലും വഴികാണാതെ നട്ടം തിരിയുന്നു.

ശരിയായി ആലോചിച്ച് നോക്കിയാൽ ജീവിതത്തിൽ നോക്കിയാൽ നമുക്ക് വല്ല നിരാശക്കും അവകാശമുണ്ടോ? ജീവിതത്തെ തനിക്കും മറ്റുള്ളവർക്ക് ഉപയോഗപ്രദമായ ഒരു മനോഹരമായി മാറ്റുവാൻ കഴിയുമ്പോൾ ഓരോരുത്തരും സ്വന്തം കഴിവുകൾക്കനുസരിച്ച് ഓരോ ലോകം സൃഷ്ടിക്കുന്നു.

## പ്രണയം

ഏകാന്തതയുടെ പിടിയിൽ
കൂട്ടായവളെ ,
എന്തിനെന്നെ വീണ്ടും അതിലേക്ക്
വലിച്ചിഴച്ചു ?
നിനക്കെങ്ങനെ എന്നെ മറക്കാൻ
സാധിച്ചു ?
മൃദുവിനു പോലും
അടർത്താൻ കഴിയില്ലെന്ന്
മൊഴിഞ്ഞതായിരുന്നില്ലയോ നീ ,
മൂർച്ചയേറിയ മൗനം അത്രമേൽ
വേദനപൂരിതം !
എൻകൂടി നിന്ന് മറ്റൊന്നിലേക്ക്
ചേക്കേറിയത് എൻ പ്രാണനാലാണ് ,
രക്തത്തിൽ ചാലിച്ച ചില
വാക്കുകൾ അണ്ഡകാരത്തിലേക്കും !

# ഗലീലിയോ ഗലീലി



വാനനിരീക്ഷകൻ, ഭൗതികശാസ്ത്രജ്ഞൻ, ജ്യോതിശാസ്ത്രജ്ഞൻ, തത്ത്വചിന്തകൻ എന്നീ നിലകളിലൊക്കെ കഴിവു തെളിയിച്ച ഇറ്റലിക്കാരനാണ് ഗലീലിയോ. മരണശേഷം 350 കൊല്ലം കഴിഞ്ഞിട്ടും ലോകത്തെ ഏറ്റവും വലിയ

ശാസ്ത്രജ്ഞന്മാരുടെകൂട്ടത്തിലാണ്
ഗലീലിയോയുടെ സ്ഥാനം. പ്രകൃതിയെ
സംബന്ധിച്ച പല പഴയ വിശ്വാസങ്ങളും


---


# പഴഞ്ചൊല്ലുകൾ

*അതിമോഹം ചക്രം ചവിട്ടിക്കും
*അണ്ടിയോടടുത്താലേ മാങ്ങയുടെ പുളിയറിയൂ
*അണ്ണാൻ മൂത്താലും മരം കേറ്റം മറക്കുമോ
*അത്തം പത്തിന പൊന്നോണം
*അത്തം പത്തോണം
*അത്തം വെളുത്താൽ ഓണം കറുക്കും
*അത്തമുഖത്ത് എള്ളെറിഞ്ഞാൽ ഭരണിമുഖത്ത് എണ്ണ
*അത്തവർഷം അതിശക്തം
*അനുഭവം ഗുരു
*അന്നമിട്ടിടത്ത് കന്നംവക്കരുത്
*അപ്പം തിന്നാൽ പോരെ കുഴി എണ്ണണോ?
*അമ്മ വേലിചാടിയാൽ മകൾ മതിൽ ചാടും
*അമ്മയില്ലെങ്കിൽ ഐശ്വര്യമില്ല
*അമ്മയും മകളും പെണ്ണുു തന്നെ
*അമ്മയുടെ ശാപം ചത്താലും തീരില്ല
*അമ്മായി ഉടച്ചത് മൺചട്ടി,മരുമകൾ ഉടച്ചത് പൊൻചട്ടി
*അരക്കാതം നടക്കണം
*അരിയെറിഞ്ഞാൽ ആയിരം കാക്ക
*അരുതാത്തത് ചെയ്താൽ കേൾക്കാത്തതു കേൾക്കും
*അൽപക്ഞ്ഞാനം ആളെക്കൊല്ലാം
*അഴകുള്ള ചക്കയിൽ ചുളയില്ല

## മഹത് വചനങ്ങൾ

* ഒരു ശിശുവിൻ ശരീരത്തിലും മനസ്സിലും ആത്മാവിലുമുള്ള ഏറ്റവും നല്ലതിനെ വികസിപ്പിക്കുന്നതാണ് വിദ്യഭ്യാസം.
- ഗാന്ധിജി
* ഏതൊരു വിദ്യഭ്യാസത്തിനും ഒരു ലക്ഷ്യമുണ്ടാകണം കാരണം വിദ്യഭ്യാസം ഒരിക്കലും ലക്ഷ്യമല്ല മാർഗമാണ്.
- സിബിൽ മാർഷ്യൽ
* അത്ഭുതങ്ങളില്ലാത്ത മതം ദൈവമില്ലാത്ത ക്ഷേത്രമാണം.
- റോബർട്ട് ഹെയിൽ
* മതങ്ങൾ അന്യോന്യം വേർതിരിയാനല്ല മറിച്ചു കൂട്ടിണക്കാനാണ്.
- ഗാന്ധിജി
* മതത്തിന്റെ കാതൽ കരുണയും ദയയുമാണ്.
-ഗുരുനാനാക്ക്
* മതമേതായാലും മനുഷ്യൻ നന്നാവണം.
- ശ്രീനാരായണ ഗുരു
* വിജയത്തിന്റെ ആനന്ദം ആസ്വദിക്കാൻ പരാചയം ആവശ്യമാണ്.
- വാൾട്ട് മീറ്റർ





# കടങ്കഥകൾ

? അച്ചനൊരു പട്ടു തന്നു , മുക്കീട്ടും മുക്കീട്ടും നനയുന്നില്ല.

ans: ചേമ്പില

? അടയുടെ മുമ്പിൽ പെരുമ്പട.

ans: തേനീച്ചക്കൂട്

? അടിച്ചിവാരിയ മുറ്റത്ത് വാരിയെറിഞ്ഞ മണൽതരികൾ.

ans: നക്ഷത്രങ്ങൾ

? അട്ടത്തുണ്ടൊരു കൊട്ടത്തേങ്ങ തച്ച് പൊളിക്കാൻ കത്തിയില്ല.

ans: അമ്പിളി മാമൻ

? അമ്മയെ തൊട്ടാൽ മകൻ വെന്തുമരിക്കും.

ans: തീപ്പെട്ടികൊള്ളി

? ആനയെക്കാണാൻ വെളിമുണ്ട്, ബീഡികത്തിക്കാൻ തീയില്ല.

ans: ടോർച്ച്

? ആകാശത്തിലെത്തുന്ന തോട്ടി.

ans: കണ്ണ്

? അങ്ങോട്ടും ഇങ്ങോട്ടും മ്ലേനിന്ന് സത്യം പറയും.

ans: തുലാസ്

---

# നീ

എത്ര വർണാഭമായാണ് ഓരോ
മനുഷ്യരെയും നീ വരവേറ്റത്,
എത്രയെത്ര പ്രണയങ്ങൾക്ക്
സാക്ഷി നീ,
എത്രയെത്ര ആത്മാവുകളെ പ്രീതിപ്പെടുത്തി നീ,
എന്നിട്ടും എന്തെ നിന്നിലെ മാറ്റങ്ങൾ
അവരെ ചവിട്ടിമെതി-
ക്കുന്നതിലേക്കത്തിച്ചു,
ദുഃഖം തന്നെ ഫലം.....

# പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി

-ടി. പത്മനാഭൻ

സ്വയം സന്തോഷിക്കുകയും‌മറ്റുള്ളവർ സന്തോഷിക്കണമെന്നാഗ്രഹിക്കുകയും ചെയ്യുന്നവരാണ് മനുഷ്യർക്ക് ജീവിക്കാവുള്ള പ്രത്യാശ നൽകുന്നത് എന്ന് വസ്തുത വിളിച്ചറിയിക്കുന്ന കഥയാണ് ടി. പത്മനാഭന്റെ "പ്രകാശം പരത്തുന്ന പെൺകുട്ടി".

ആധുനിക സമൂഹം അനുഭവിക്കുന്നതായിട്ടുള്ള വേദനകളെ അതേ ആഴത്തിൽ തന്നെ കഥാകൃത്ത് ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. അതായത് മനസ്സിൽ ചില നൊമ്പരങ്ങൾ ആത്മാവിന്റേതായ ചില മുറിപ്പാടുകൾ മനസ്സിനെ അലട്ടുന്ന ചില കാര്യങ്ങൾ ഒക്കെ ഹൃദയത്തിന്റെ വേദനകൾ അതൊക്കെ ഒട്ടും അതിന്റെ ഭംഗി നഷ്ടപ്പെടുത്താതെ അതിന്റെ തീവ്രത നഷ്ടപ്പെടുത്താതെ അദ്ദേഹം ഈ കഥയിൽ അവതരിപ്പിച്ചിട്ടുണ്ട്.

അതായത് സ്നേഹം എന്ന് പറയുന്ന വികാരത്തെ അതെ അളവിൽ തന്നെ കഥയിൽ ആവിഷ്കരിപ്പിച്ചിട്ടുണ്ട്.അതായത് സമൂഹത്തിലെ അവഗണനകളെ ഏറ്റുവാങ്ങുന്നവരെ ഏകാന്തതയിലൂടെ ജീവിതം നയിക്കുന്നവരായിട്ടുള്ള വ്യക്തികൾ അവരുടെതായിട്ടുള്ള വേദനകളുണ്ട്.അവരുടെ മനസ്സിലേക്ക് ഇറങ്ങിച്ചെല്ലുന്ന ഇത് എന്റെ കഥ തന്നെയാണോ ഞാൻ തന്നെയാണോ ഈ കഥാനായകൻഎ എന്ന് ചിന്തിപ്പിക്കുന്ന ഒരു തരത്തിലേക്ക് എത്തിച്ചേരും. ഇവരുടെ പ്രശ്നങ്ങൾ ആണോ എന്ന് മനസ്സിലാക്കുന്ന തോന്നൽ ഉണ്ടായി തീരുന്നു. അങ്ങനെ ചിന്തിപ്പിക്കാത്ത വണ്ണം അത്ര തീവ്രമായിട്ടാണ് എഴുത്തുകാരൻ ഇവിടെ ഇതവതരിപ്പിച്ചിരിക്കുന്നത്.

എന്നാൽ ഈ വേദനിക്കുന്നവരായിട്ടുള്ള വ്യക്തിയുടെ ജീവിതത്തിൽ ചിലർ ചെലുത്തുന്ന സ്വാധീനം ഉണ്ട്. ആ സ്വാധീനം അവരുടെ ജീവിതത്തെയും ചിന്തകളെയും മാറ്റുന്ന സാഹചര്യത്തിൽ ഉണ്ടാവുന്നു.ഇവിടെ ഈ കഥയിൽ ഞാൻ എന്ന് പറയുന്ന കഥാപാത്രം കഥാനായകൻ അദ്ദേഹം ഒരു വിഷാദരോഗി ആയി-ട്ടാണ് നമുക്ക് ഈ കഥയിൽ കാണാനായിട്ട് സാധിക്കുന്നത്. ചുറ്റുമുള്ളവരെയെല്ലാം താൻ വെറുക്കുന്നവരാണ് എല്ലാവരും എന്ന ധാരണയാണ് ഉള്ളത്. ആർക്കും തന്നെ വേണ്ട ആരും തന്നെ വിശ്വസിക്കുന്നില്ല , മനസ്സിലാക്കുന്നില്ല എന്ന തോന്നലിൽ ഒരു തരം മാനസിക വിഭ്രാന്തിയിൽ അകപ്പെടുകയും ഒരു ആത്മഹത്യ ചിന്തകളിലേക്ക് കടന്നു പോവുകയാണ്.അങ്ങനെ വിഷക്കുപ്പിയുമായിട്ടാണ് മരണത്തിന് വേണ്ടി തയ്യാറെടുക്കുന്ന ആ സാഹചര്യത്തിന് തൊട്ടുമുമ്പിലായിട്ടുള്ള ഒരു ശൂന്യത

മാറ്റുന്നതിന് വേണ്ടി അദ്ദേഹം ഒരു സിനിമ കാണാനായി തന്റെ ജീവിതത്തിലേക്ക് മങ്ങിക്കിടക്കുന്ന ഇരുട്ടിലേക്ക് പകർത്തിയതായിട്ടുള്ള ഒരു പ്രകാശം പരത്തുവാൻ തക്കവണ്ണം ശക്തമായ പെൺകുട്ടി പ്രത്യേക ശ്രദ്ധ നേടുന്നു.നന്മയുടെ അംശം ഒരിക്കലും മാറിപ്പോകുന്നില്ല അല്ലെങ്കിൽ ജീവിതത്തിന്റെ നിരാശയേറിയതായ ഒരു വ്യക്തിക്ക് ഒരു തുള്ളി വെളിച്ചം പകർന്നുകൊടുക്കുവാൻ ഒരല്പം സന്തോഷം പകർന്നുകൊടുക്കുവാൻ അവനെ ആത്മഹത്യയുടെവ വക്കിൽ നിന്നും പിന്തിരിപ്പിക്കുവാൻ പുനർവിചിന്തനം ചെയ്യിപ്പിക്കുവാനം ഓർക്കുവാനാവാത്ത ചില ശക്തികൾ ഈ സമൂഹത്തിൽ ഉണ്ട്. നമ്മളോടും ഉണ്ട് ഒരു തുള്ളി വെട്ടം പകർന്നു നൽകുവാൻ തക്കവണ്ണം ആളുകൾ ഉണ്ട് എന്നുള്ളതാണ് ഈ കഥയിലൂടെ നമുക്ക് മനസ്സിലാകുന്നതാണ്.രണ്ട് പേരുടെയും ലോകം വ്യത്യസ്തമാണ്. ഈ പെൺകുട്ടിയുടെ ലോകത്തെപ്പോലെ അല്ല നിരാശയേറിട്ടുള്ള ജീവിതമാണ് കഥാനായകന്റേത് പക്ഷേ കഥനായകൻ ഈ തിരിച്ചറിവിലേക്ക് എത്തുന്നത് ഈ പെൺകുട്ടിയുടെ ദർശനത്തിലൂടെയാണ്.

തന്റെ ജീവിതം മാറ്റിമറിക്ക ഇടയായിട്ടുള്ള പ്രകാശത്തിന്റെ കണിക നൽകി തന്നതായിട്ടുള്ള ഒരു പെൺകുട്ടി അതാണിവിടെ പ്രകാശം പരത്തുന്ന പെൺകുട്ടി എന്നുള്ള ശീർഷകം തന്നെ അർഥവത്താക്കുന്നത്.ലോകത്തിന്റേതായ നിരാശയും കഷ്ടപ്പാടുകളും എന്തെന്നറിയാൻ വയ്യാത്ത ഈ തിയ്യേറ്ററിൽ കടന്നു പോകുമ്പോൾ അവിടെയാണ് ഈ പ്രകാശം പരത്തിയ ആ ഒരു പെൺകുട്ടിയെ അദ്ദേഹം കാണാൻ സാധിക്കുന്നത്.ആ പെൺകുട്ടിയും ആ പെൺകുട്ടിയുടെ സഹോദരങ്ങളും കടന്നുവരുകയും ആ പെൺകുട്ടിയുടെ സ്വാധീനത്തെയാണ് കഥാനായകന് ഉണ്ടാവുന്നത്.

ഇവിടെ കഥാനായകന്റെ ഭാവം എന്ന് പറഞ്ഞാൽ ആത്മഹത്യക്ക് തൊട്ടുമുമ്പുള്ള ശൂന്യത മാറ്റാനായി സിനിമ കാണുന്നു എന്നാൽ പെൺകുട്ടിയെ സംബന്ധിച്ചിടത്തോളം വേറെയെരു ലോകമാണ് സന്തോഷത്തിന്റെയും ആഹ്ലാദത്തിന്റേതുമായ ലോകം ദുഃഖവും സങ്കടവും എന്തെന്നറിയാത്ത ലോകം.

കലപ്പിലകുടി ചിരിക്കുന്ന ഈ ലോകത്തിന്റെ എല്ലാനന്മകളും ഉൾകൊണ്ട് ജീവിക്കുന്ന പെൺകുട്ടി. അതോടെപ്പം തന്നെ ഈ കഥയുടെ ആശയം എന്തെന്ന് മനസ്സിലാകാത്തതായിട്ടുള്ള പെൺകുട്ടി അത് നമ്മുടെ കഥാനായകനോട് ചോദിക്കുമ്പോൾ അവിടെ തന്റെ ജീവിതത്തിൽ ഒരു വെളിച്ചം വീശുകയാണ്.ഈ കഥ പറഞ്ഞുതരാൻ തക്കവണ്ണം താൻ ശ്രേഷ്ഠനാണ് എന്ന് ഈ ചിന്തിച്ചല്ലോ എന്നതിലേക്ക് എത്തുകയും തന്നെ ഒരാളെങ്കിലും അംഗീകരിച്ചല്ലോ എന്നും ആ ഒരു പ്രകാശത്തിലാണ് കഥാനായകന്റെ ജീവിതത്തിൽ മാറ്റം ഉണ്ടാകുന്നത്.

പെൺകുട്ടി നൽകുന്നതായിട്ടുള്ള ഈ ചിരിയും അവളുടെ ഫലിതം

നിറഞ്ഞുള്ള ചുറ്റുപാടും , അവൾ മിഠായിയൊക്കെ ചോദിക്കുന്ന ഫലിതം നിറ-ഞ്ഞതായിട്ടുള്ള ഹാസ്യം നിറഞ്ഞതായിട്ടുള്ള പ്രയോഗങ്ങൾ ഒക്കെ ശ്രദ്ധനേടുന്നത്.നന്മയുടെ അംശം അത് ഒരിക്കലും നശിച്ചിട്ടില്ല എന്നുള്ള ഒരു തിരിച്ചറിവ് പകർന്നു നൽകുന്നതിലൂടെ സമകാലിക പ്രസക്തി ആർജിക്കുന്നു.

# രണ്ട് ജീവബിന്ദുക്കൾ

കുറച്ചു ദിവസങ്ങളായി വല്ലാത്തൊരാവേശത്തോടെയാണ് അവർ ഉണരുന്നതും പ്രഭാത ക്രത്യങ്ങൾ ചെയ്യുന്നതും. ഹോസ്റ്റൽ മുറിയിലെ സഹശയനക്കാർ ഉണരുന്നതിനു മുമ്പു തന്നെ കുളികഴിഞ്ഞ് പ്രാർത്ഥനയും കഴിഞ്ഞ് പുലരാൻ ഇപ്പഴും മടിച്ചു നിൽക്കുന്ന പ്രകൃതിയിലേക്ക് അവൾ നോക്കി നിന്നു....

ഇന്ന് അയാൾ കോളേജിൽ വരുമോ.....

എന്നാലും എന്തിനായിരിക്കും ഇന്നലെ പടർന്നു പന്തലിച്ചു തണലേകുന്ന ആ മാവിൻ ചുവട്ടിൽ വെച്ച് കാലിൽ ദർമുന കൊണ്ട ശകുന്തള കണക്കെ ആ കൃശഗാത്രൻ തിരിഞ്ഞു നോക്കിയത്.....

ചിന്തകൾ കാടുകയറിയപ്പോകുന്നതിനിടക്കാണ് റൂം മേറ്റ് വന്ന് കുശലാനഷണം നടത്തിയത് ആ സുന്തര ലോകത്തു നിന്നും പറിച്ചെടുത്തതിന് അൽപ്പം നീരസം തോന്നാതിരുന്നില്ല അതുപുറത്തു കാണിക്കാതെ റൂമിലേക്ക് പോയി. മനസ്സ് കുതിച്ചു പായുകയാണ്..... കൂട്ടുകാരികൾക്ക് തന്റെ മനസ്സ് പിടികിട്ടരുതേ എന്നതായിരുന്നു അപ്പോഴത്തെ പ്രാർത്ഥന.

എന്തായാലും ഇന്ന് പ്രതീക്ഷയുള്ള എന്തെങ്കിലുമൊന്ന് അയാൾ പറയാതിരിക്കില്ല പ്രഭാത ഭക്ഷണം കഴിച്ചെന്നു വരുത്തി പെട്ടെന്നു തന്നെ റെഡിയായി. പച്ചവിരിപ്പിട്ട കുന്നു കയറി കോളേജിലേക്ക്. യാന്ത്രികമായുള്ള നടത്തം കണ്ണുകൾ നാലുപാടും എന്തോ അന്വേഷിക്കുന്നു. ചുറ്റുപാടും കലപില ബഹളം ഒന്നിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുന്നില്ല. കാലുകൾ യാന്തികമായി ഡിപ്പാർട്ടുമെന്റിലേക്ക് കുതിക്കുന്നു മനസ്സും കണ്ണും പല ദിക്കുകളിലും എന്തൊക്കെയോ അന്വേഷിക്കുകയാണ്.

ആകെ നിരാശ തോന്നി. കണ്ണുകൾ (മനസ്സും) അന്വേഷിക്കുന്ന ആ മുഖം മാത്രം കണ്ടില്ല. അമർത്തി പിടിച്ച സങ്കടത്തോടെയും നിരാശയോടെയും കാലുകൾ ലൈബ്രറിയിലേക്ക് കൂട്ടി കൊണ്ട് പോയി.

ഒരു പാത്രവുമെടുത്ത് റീഡിംഗ് ടേബിളിലേക്ക്.....
പത്രത്തിലെ ചുടു വാർത്തകൾക്കൊന്നും മനസ്സിനെ കെട്ടിയിടാൻ കഴിയുന്നില്ല. എന്തൊക്കെയോ മനസ്സിലൂടെ കടന്നു പോയി. ഇനി ഇന്നും താൻ കേൾക്കാനാഗ്രഹിക്കുന്ന വാക്കുകൾ കേൾക്കില്ല. പത്രത്താളുകൾ തിരിച്ചും മറിച്ചും പരതിയും അതിലൊരു വാർത്തയും കണ്ടെത്താൻ കഴിഞ്ഞില്ല. ഇന്ന് വീട്ടിലേക്ക് പോകുന്നുണ്ടോ ? എന്ന ചോദ്യം കേട്ട് കോരിത്തരിച്ചു പോയി. കുറേ നേരമായി കാതുകൾ കേൾക്കാനാഗ്രഹിച്ച ശബ്ദം. പാത്രത്തിൽ നിന്നും മുഖമുയർത്തി നോക്കി. അപ്പോൾ തന്നെ ചേർന്നിരിക്കുന്ന പ്രിയപ്പെട്ടവനെ ( അങ്ങനെയാണ് എന്ന് അപ്പോഴും തുറന്ന് പറഞ്ഞിട്ടില്ല ) അപ്പോൾ മാത്രമാണ്

കുറച്ചു ദിവസങ്ങളായി വല്ലാത്തൊരാവേശത്തോടെയാണ് അവർ ഉണരുന്നതും പ്രഭാത ക്രത്യങ്ങൾ ചെയ്യുന്നതും. ഹോട്ടൽ മുറിയിലെ സഹശയനക്കാർ ഉണരുന്നതിനു മുമ്പു തന്നെ കുളികഴിഞ്ഞ് പ്രാർത്ഥനയും കഴിഞ്ഞ് പുലരാൻ ഇപ്പഴും      മടിച്ചു നിൽക്കുന്ന പ്രകൃതിയിലേക്ക് അവൾ നോക്കി നിന്നു....
ഇന്ന് അയാൾ കോളേജിൽ വരുമോ.....
എന്നാലും എന്തിനായിരിക്കും ഇന്നലെ പടർന്നു പന്തലിച്ചു തണലേകുന്ന ആ മാവിൻ ചുവട്ടിൽ വെച്ച് കാലിൽ ദർമുന കൊണ്ട ശകുന്തള കണക്കെ ആ കൃശഗാത്രൻ തിരിഞ്ഞു നോക്കിയത്..... ചിന്തകൾ കാടുകയറിയപ്പോകുന്നതിനിടക്കാണ് റൂം മോറ്റ് വന്ന് കുശലാനഷണം നടത്തിയത് ആ സുന്ദര ലോകത്തു നിന്നും പറിച്ചെടുത്തതിന് അൽപ്പം നീരസം തോന്നാതിരുന്നില്ല അതുപുറത്തു കാണിക്കാതെ റൂമിലേക്ക് പോയി. മനസ്സ് കുതിച്ചു പായുകയാണ്.....    കൂട്ടുകാരികൾക്ക് തന്റെ മനസ്സ് പിടികിട്ടരുതേ എന്നതായിരുന്നു അപ്പോഴത്തെ പ്രാർത്ഥന.


എന്തായാലും ഇന്ന് പ്രതീക്ഷയുള്ള എന്തെങ്കിലുമൊന്ന് അയാൾ പറയാതിരിക്കില്ല പ്രഭാത ഭക്ഷണം കഴിച്ചെന്നു വരുത്തി പെട്ടെന്നു തന്നെ റെഡിയായി. പച്ചവിരിപ്പിട്ട കുന്നു കയറി കോളേജിലേക്ക്. യാന്ത്രികമായുള്ള നടത്തം കണ്ണുകൾ നാലുപാടും എന്തോ അന്വേഷിക്കുന്നു. ചുറ്റുപാടും കലപില ബഹളം ഒന്നിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുന്നില്ല. കാലുകൾ യാന്തികമായി ഡിപ്പാർട്ടുമെന്റിലേക്ക് കുതിക്കുന്നു മനസ്സും കണ്ണും പല ദിക്കുകളിലും എന്തൊക്കെയോ അന്വേഷിക്കുകയാണ്.

ആകെ നിരാശ തോന്നി. കണ്ണുകൾ (മനസ്സും) അന്വേഷിക്കുന്ന

ആ മുഖം മാത്രം കണ്ടില്ല. അമർത്തി പിടിച്ച സങ്കടത്തോടെയും നിരാശയോടെയും കാലുകൾ ലൈബ്രറിയിലേക്ക് കൂട്ടി കൊണ്ട് പോയി. ഒരു പാത്രവുമെടുത്ത് റീഡിംഗ് ടേബിളിലേക്ക്.....
പത്രത്തിലെ ചുടു വാർത്തകൾക്കൊന്നും മനസ്സിനെ കെട്ടിയിടാൻ കഴിയുന്നില്ല. എന്തൊക്കെയോ മനസ്സിലൂടെ കടന്നു

---

# സർ ഐസക് ന്യൂട്ടൻ



പ്രകൽപനായ ഇംഗ്ലീഷ് ഭൗതിക ശാസ്ത്രജ്ഞനും, ഗണിതജ്ഞനും, ആൽക്കമിസ്റ്ററും, വൈദ്യശാസ്ത്രജ്ഞനുമായിരുന്നു സർ ഐസക് ന്യൂട്ടൻ. ന്യൂട്ടൻ 1687 -ൽ പുറത്തിറക്കിയ ഭൂഗുരുത്വഗർഷണം, ചലനനീയമങ്ങൾ എന്നിവയെ വിശീകരിക്കുന്ന പ്രിൻസിപിയ എന്ന ഗ്രന്ഥം ബലതന്ത്രത്തിന്റെ ശാസ്ത്രീയ വീക്ഷണം ഈ ഗ്രന്ഥത്തെ അടിസ്ഥാനപ്പെടിത്തിയതായിരുന്നു. ഭൗമോപരിതലത്തിലുള്ള വസ്തുക്കളുടെയും ആകാശഗോളങ്ങളുടെയും ചലനം ഒരേ പ്രകൃതി നിയമങ്ങൾ അനിസരിച്ചാണെന്ന് അദ്ദേഹം തെളിയിച്ചു. പ്രകാശ കണാകാ സിദ്ധാന്തവും അദ്ദേഹത്തിന്റെ സംഭാവനയാണ്. പ്രഭു പദവി ലഭിച്ച രണ്ടാമത്തെ ശാസ്ത്രജ്ഞൻ. ബലത്തിന്റെ യൂണിറ്റ് ന്യൂട്ടന്റെ പേരിലറിയപ്പെടുന്നു.

---

" The woods are lovely, dark and deep,
But I have promises to keep,
And miles to go before I sleep,
And miles to go before I sleep "

-Robert Frost

" വായിച്ചാലും വളരും വായിച്ചില്ലെങ്കിലും വളരും
വായിച്ചാൽ വിളയും വായിച്ചില്ലെങ്കിൽ വളയും "

-കുഞ്ഞുണ്ണിമാഷ്

# IT QUIZ


1. കമ്പ്യൂട്ടറിന്റെ പിതാവ് ആര് ?
ANS. ചാൾസ് ബാബേജ്
2. E-mail ന്റെ മുഴുവൻ പേര് എന്ത് ?
ANS. Electronic mail
3. w.w.w എന്നതിന്റെ പൂർണ രൂപം എന്ത് ?
ANS. World Wide Web
4. പോർട്ടബിൾ കമ്പ്യൂട്ടർ എന്നറിയപ്പെടുന്നത് ഏത് ?
ANS. ലാപ്ടോപ്
5. ഇന്റർനെറ്റ് ഉപയോഗിക്കുന്നതിനായി ആദ്യം രൂപം കൊണ്ട ഭാഷ ?
ANS. ജാവ
6. ജാവ ഭാഷ വികസിപ്പിച്ചെടുത്ത വ്യക്തി ആര് ?
ANS. ജെയിംസ് ഗോസ്ലിങ്
7. ഇന്റർനെറ്റിന്റെ പിതാവ് ആര് ?
ANS. വിന്റെൺ സർഫ്
8. w.w.w എന്നതിന്റെ ഉപജ്ഞാതാവ് ആര് ?
ANS. ടീം ബെർണേഴ്സലിം
9. വൈക്രോസോഫ്റ്റിന്റെ പിതാവ് ആര് ?
ANS. ബിൽഗേറ്റ്സും , പോൾ അലനും
10. കമ്പ്യൂട്ടറിന്റെ തലച്ചോർ എന്നറിയപ്പെടുന്ന ഭാഗം ഏത് ?
ANS. സെൻട്രൽ പ്രൊസസിങ് യൂണിറ്റ്
11. കമ്പ്യൂട്ടർ എന്ന പദം ഉത്ഭവിച്ചത് ഏത് ഭാഷയിൽ നിന്നാണ് ?
ANS. ലാറ്റിൻ
12. 1963-ൽ കമ്പ്യൂട്ടർ മൗസ് വികസിപ്പിച്ച അമേരിക്കക്കാരൻ ആര് ?
ANS. ഡഗ്ലസ് ഐഞ്ചൽ ബാർട്ട്
13. ഇന്റർനെറ്റിന്റെ ആദ്യ കാല രൂപം എന്തായിരുന്നു ?
ANS. അർപാനെറ്റ്
14. ആദ്യമായി മലയാളത്തിൽ വെബ്സൈറ്റ് തുടങ്ങിയ ബാങ്ക് ഏത് ?
ANS. SBT ബാങ്ക്
15. കമ്പ്യൂട്ടർ മെമ്മറി എന്ന് പൊതുവെ പറയാനുള്ളത് ഏത് മെമ്മറിയെയാണ് ?
ANS. റാൻഡം ആക്സെസ്ഡ് മെമ്മറി

# ***The Race***

In a sunlit meadow, Rabbit and Tortoise, Known for their differing approaches to life, found themselves in a friendly competition. Rabbit, fleet-footed and full of confidence, proposed a race to the nearby carrot Patch. Tortoise, steadily and patient, accepted the challenge with a knowing smile

As the race began, Rabbit dashed ahead, leaving a trail of dust behind. Convinced of his imminent victor, Rabbit decided to take a quick napunder a shaded tree. Meanwhile, Tortoise maintained a slow and Steady pace, moving determinedly toward the finishing line.
To everyone's surprise, when Rabbit awoke, he discovered Tortoise had reached the carrot patch first. The on lookers cheered for Tortoise's methodical and steadily wins race".

The once. Competitive duo learned a valuable lesson that day. Their friendship deepened as Rabbit gained respect of Tortoise's stead fast approach and together, they embraced the harmony of their differences in the meadow the called home.



# Nature

In the forest's embrace, whispers of trees,
nature's symphony, carried on the breeze.
Majestic mountains, reaching for the sky,
A canvas of beauty, where eagles fly.

Rivers that dance, a graceful ballet,
sunset's palette, painting the end of day.
Flowers in meadows, a vibrant array,
nature's poetry, in colours that sway.

Underneath the moon's gentle glow,
creatures of night in a mystical show.
Stars above, like diamonds in a veil,
nature's story, told in every detail.

Oceans that sing, waves in rhythmic rhyme,
A timeless dance, marking the sands of time.
In the heart of it all,  a balance so true,
nature's masterpiece, forever anew.

# കാത്തിരിപ്പ്



ജനൽ പാളായിലൂടെ
ദൂരത്തേക്ക് കണ്ണും നട്ട്
കാത്തിരിക്കുന്നു ഞാൻ
മരണത്തെ കാണാൻ

ദൂരെ മാനത്ത്
പുഞ്ചിരിച്ചീടുന്ന
ചന്ദ്രനോട് ചോദിച്ചു
മരണമെവിടെ?

മരണമെത്താതെ നിരാശനായി ഞാൻ
കരഞ്ഞു കരഞ്ഞു
ഉറങ്ങാൻ കിടന്ന
നേരത്തും

കൂരിരുളിലെങ്കിലു
മെന്നെയും തേടി
മരണമെത്തിടാൻ
കൊതിച്ചുകൊണ്ട്...


"Readind maketh a full man "

-Francis Bancon


# കുട്ടികളുടെ രചനകൾ



Naja Fathima k 9C



Muhammed Rishal 9D



Yaseen nisar KP 9C





ഹരിത സേന പ്രവർത്തനത്തിൽ നിന്നും

# sports











# Arts






DATE:


23-24
OCT-19-20








festivals





# Littile Kites Activities







Littile Kites Batch 2021-2024







ജി.എച്ച്. എസ്.എസ് മങ്കട പള്ളിപ്പുറം സ്കൂളിലെ വിദ്യാർഥികളുടെ എളിയ സാഹിത്യ സൃഷ്ടികൾ ചേർത്തുവെക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് "Young Scribbles"   ഈ പ്രവർത്തനത്തിൽ സൃഷ്ടികൾ നൽകി സഹകരിച്ച എല്ലാ പ്രിയ സുഹൃത്തുക്കൾക്കൾക്കും ഡിസൈനിങ്ങിലും എഡിറ്റിങ്ങിലും ആദ്യാന്തം കൂടെ നിന്ന എല്ലാ എഡിറ്റോറിയൽ അംഗങ്ങൾക്കും ഹൃദ്യമായ നന്ദി...

സ്നേഹാശംസകളോടെ,
Team Little Kites